വാരാന്ത്യപതിപ്പ് ലക്കം-48 | APRIL 17 - APRIL 23

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

വേൾഡ് ഹെറിറ്റേജ് ഡേ
പേജ് 2

എന്റെ കേരളം
പേജ് 2

ദേശീയ സിവിൽ സർവീസ് ഡേ
പേജ് 2

സെമിനാർ: പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വികസന സമീപനം
പേജ് 3

ലോക ഭൗമ ദിനം
പേജ് 3

അഭയം
പേജ് 4

അക്ഷരാഗ്നി
പേജ് 4

ചോദ്യം ഉത്തരം
പേജ് 5

ചിന്താവിഷയം




## സോഷ്യോപോഡ്സ്


# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

"എക്സ്പെക്ടേഷൻ മീറ്റ്സ് റിയാലിറ്റി" എന്ന വിഷയത്തിൽ സോഷ്യോപോഡ്സിന്റെ അമ്പതാം എപ്പിസോഡ് ഏപ്രിൽ പതിനെട്ട് തിങ്കളാഴ്ച  വൈകീട്ട് ആറുമണിക്ക് പുറത്തിറക്കി. നിങ്ങളുടെ പ്രതീക്ഷകൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന ചോദ്യത്തിനൊരു ഉത്തരം നൽകിക്കൊണ്ടാണ് വളന്റിയർ ഗ്രേസ്ലെറ്റ് സംസാരിച്ചത്. പ്രതീക്ഷകൾ എന്നത് ഒരു വ്യക്തിയുടെ ഭാവനയെയാണ് സൂചിപ്പിക്കുന്നതെന്നും കാര്യങ്ങളുടെ ശരിയായ അവസ്ഥയാണ് യാഥാർത്ഥ്യമെന്നും അപ്രതീക്ഷിതമായത് പ്രതീക്ഷിക്കാൻ പഠിക്കുകയെന്നും ഇതിലൂടെ മനസ്സിലാക്കാം.ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

## വേൾഡ് ഹെറിറ്റേജ് ഡേ

എൻ എസ് എസ് യൂണിറ്റുകളായ **42 & 144** ഏപ്രിൽ പതിനെട്ട് തിങ്കളാഴ്ച "വേൾഡ് ഹെറിറ്റേജ് ഡേയായി" ആചരിച്ചു.ഈ ദിവസം സ്മാരകങ്ങളുടെയും പാരമ്പര്യ ഇടങ്ങളുടെയും ദിനമായി ആചരിച്ചു വരുന്നു. ഇതിനോടനുബന്ധിച്ച് വളന്റിയേഴ്സ് കൊല്ലങ്കോട് കൊട്ടാരം  സന്ദർശിച്ചു.ഇതിന്റെ ഭാഗമായി കൊട്ടാരത്തെക്കുറിച്ചുള്ള വീഡിയോ നിർമ്മിച്ച് സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റ് ചെയുകയും ചെയ്തു .കൊല്ലങ്കോട് രാജാവായിരുന്ന വാസുദേവ രാജ, **1904**-ൽ ഈ കൊട്ടാരം നിർമ്മിച്ച് മകൾക്ക് കൊടുത്തു. യഥാർത്ഥ കൊല്ലങ്കോട് കൊട്ടാരം (കളരി കോവിലകം) സ്ഥിതി ചെയ്യുന്നത് കൊല്ലങ്കോടിലാണ്. **1975** ൽ പുരാവസ്തു വകുപ്പ് തൃശ്ശൂരിലെ കൊല്ലങ്കോട് കൊട്ടാരത്തിന്റെ ഭാഗം ഏറ്റെടുത്ത് ഒരു മ്യൂസിയമാക്കി മാറ്റി. ഇവിടെ,വാസുദേവ രാജയുടെ ചില സ്വകാര്യ വസ്തുക്കൾ പ്രദർശിപ്പിച്ചിരിക്കുന്നു. പരമ്പരാഗത കേരള വാസ്തുവിദ്യയുടേയും പാശ്ചാത്യ രൂപകൽപ്പനയുടേയും സമ്മേളനമാണ് കൊട്ടാരത്തിന്റെ വാസ്തുവിദ്യ.




# എന്റെ കേരളം

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് ഏപ്രിൽ പതിനെട്ടു മുതൽ ഇരുപത്തിനാലു വരെ കോളേജിയേറ്റ് എഡ്യൂക്കേഷൻ വിഭാഗത്തിൽ പ്രദർശന വിപണന മേള സംഘടിപ്പിച്ചു. പ്രസ്തുത മേളയിൽ സെന്റ് തോമസ് കോളേജിലെ എൻ എസ് എസ് യൂണിറ്റുകളായ **42 & 144** ലെ പത്ത് വളന്റിയേഴ്സ് വീതം പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ പങ്കെടുത്തു.

## ദേശീയ സിവിൽ സർവീസ് ദിനം

ഏപ്രിൽ ഇരുപത്തിയൊന്നാം തിയ്യതി ദേശീയ സിവിൽ സർവീസ് ദിനം ആചരിച്ചു.ഈ ദിനത്തിന്റെ ഉദ്ദേശം ജനങ്ങളുടെ ആവശ്യങ്ങൾക്കായി പുനർനിർമ്മിക്കുകയും സ്വയം സമർപ്പിക്കുകയും ചെയ്യുക എന്നതാണ്. എല്ലാ സിവിൽ സർവീസുകളും ഇത് പാലിക്കുന്നു. ദിനത്തിനോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




## സെമിനാർ : പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വികസന സമീപനം

ഏപ്രിൽ ഇരുപത്തിയൊന്ന് ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തേക്കിൻകാട് മൈതാനത്തിൽ ഉച്ചതിരിഞ്ഞ് മൂന്നു മണിക്ക് സെമിനാർ നടത്തി. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചാണ് സെമിനാർ നടന്നത്. "പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വികസന സമീപനം " എന്ന വിഷയത്തിലാണ് സെമിനാർ നടത്തിയത്. ഈ സെമിനാറിൽ പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും,ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ ഇരുപതോളം എൻ എസ് എസ് വളന്റിയേഴ്സ് പങ്കെടുത്തു.



# ലോക ഭൗമ ദിനം

ഏപ്രിൽ ഇരുപത്തിരണ്ടാം തിയ്യതി ലോക ഭൗമ ദിനം ആചരിച്ചു. കാലാവസ്ഥ വ്യതിയാനം രൂക്ഷമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭൂമിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിനാണ് ഈ ദിനം ആചരിക്കുന്നത്. കാലാവസ്ഥ വ്യതിയാനം, ആഗോളതാപനം, മലിനീകരണം തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ ദിനം ആചരിക്കുന്നത്. ഈ ദിനത്തിനോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.





# അഭയം

'അഭയം ഭവന നിർമ്മാണ പദ്ധതിയെന്ന' എൻ എസ് എസിന്റെ സ്വപ്ന പദ്ധതി,പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും,ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ എല്ലാവരുടെയും സഹകരണത്തോടെ നല്ല രീതിയിൽ പുരോഗമിച്ച് അവസാന ഘട്ടത്തിലേക്ക് അടുക്കുന്നു.

# വേൾഡ് ബുക്ക് ആൻഡ് കോപ്പിറൈറ്റ് ഡേ

എൻ എസ് എസ് യൂണിറ്റുകളായ **42 & 144** ഏപ്രിൽ ഇരുപത്തിമൂന്ന് ശനിയാഴ്ച വേൾഡ് ബുക്ക് ആൻഡ് കോപ്പിറൈറ്റ് ഡേയായി ആചരിച്ചു.വിശ്വ സാഹിത്യത്തിലെ അതികായരായ ഷേക്സ്പിയർ, മിഗ്വെൽ ഡി സെർവാന്റെസ്, ഗാർസിലാസോ ഡേ ലാ വെഗാ എന്നിവരുടെ ചരമദിനമാണ് ഏപ്രിൽ ഇരുപത്തിമൂന്ന്,ഈ മഹാന്മാരോടുള്ള ആദര സൂചകമായാണ് ഈ ദിനം വർഷംതോറും ആചരിക്കുന്നത്.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.





## ചോദ്യം ഉത്തരം

എൻ എസ് എസ് -ന്റെ പ്രധാന ഘടകങ്ങൾ എന്തൊക്കെയാണ് ?

വിദ്യാർത്ഥികൾ,അധ്യാപകർ,സമൂഹം, പ്രോഗ്രാം.

## അക്ഷരാഗ്നി

നിത്യ ബിനോ





# ചിന്താവിഷയം

മറ്റുള്ളവർ നിങ്ങൾക്ക് നേരെ കല്ലെറിയുന്നെങ്കിൽ,
നിങ്ങൾ അവയെ നാഴികക്കല്ലുകളാക്കി  മാറ്റുക.

-- സച്ചിൻ ടെണ്ടുൽക്കർ

@nss_stc_42_144